(ബി) ഇതുമായി ബന്ധപ്പെട്ട് സ്ഥലം എം. എൽ. എ. നൽകിയ നിവേദനത്തിൻമേൽ എന്ത്, നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോഴം പരിഗണനയിലില്ല.

(ബി) 20,000-നു മുകളിൽ ഉപഭോക്താക്കളും 150 ച. കി. മീ. വിസ്തീർണ്ണവും ഉള്ള സെക്ഷനുകളാണ് വിഭജിച്ച് പുതിയ സെക്ഷനുകളം രൂപീകരിക്കുന്നത്. പള്ളിക്കര പ്രദേശം ചിത്താരി സെക്ഷന്റെ പരിധിയിലാണ്. ഈ സെക്ഷനിൽ ഇപ്പോഴം 15,350 ഉപഭോക്താക്കളാണുള്ളത്. അതിനാൽ ഈ സെക്ഷൻ വിഭജിക്കുന്ന കാര്യം, ഇപ്പോഴം പരിഗണിച്ചിട്ടില്ല.

കുട്ടനാട് താലൂക്കിലെ പ്രദേശങ്ങളുടെ വൈദ്യുതി വിതരണ പ്രവർത്തനങ്ങളം

35 [2024] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലെ ചില പ്രദേശങ്ങളുടെ വൈദ്യുതി വിതരണ പ്രവർത്തനങ്ങളം നടത്തുന്നതിനുള്ള ചുമതല കോട്ടയം ജില്ലയിലെ ഓഫീസുകൾക്കാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വൈദ്യുതി മേഖലയിലെ പ്രശ്നങ്ങളം പരിഹരിക്കുന്നതിനു കാലതാമസമുണ്ടാകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പരാതി പരിഹരിക്കുവാൻ കഴിയത്തക്കവിധം കാവാലം കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ ഓഫീസ് കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആയി ഉയർത്തി കുട്ടനാട് താലൂക്കിലെ പ്രസ്തുത പ്രദേശങ്ങളുടെ മേൽനോട്ടം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടനാട്ടിലെ കെ. എസ്. ഇ. ബി. മേജർ സെക്ഷൻ, സെക്ഷൻ ഓഫീസുകളം എന്നിവയിൽ ആവശ്യത്തിനു ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഓരോ ഓഫീസിലും ഒഴിവായി കിടക്കുന്ന തസ്തികകളം എത്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഈ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ ചുമതല ആലപ്പുഴ സർക്കിളിന്റെ കീഴിലുള്ള കിടങ്ങറ സെക്ഷനാണ്.

(ബി) ഈരാ, വാലടി, നാരകത്തറ ഭാഗങ്ങളിൽ കരവഴി എത്തുവാൻ കിടങ്ങറയിൽ നിന്നും ചങ്ങനാശ്ശേരി, തുരുത്തി വഴി 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നത് മറ്റ് സെക്ഷനുകളുടെ പരിധിയിൽ കൂടി വരുന്ന 11 കെ. വി. ലൈനുകളം വഴിയാണ്. ഇതുമൂലം പ്രശ്നങ്ങളം പരിഹരിക്കുവാൻ ചിലപ്പോഴം കാലതാമസം ഉണ്ടാകാറുണ്ട്. എങ്കിലും വിവിധ ഓഫീസുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് പ്രശ്നങ്ങളം താമസം കൂടാതെ പരിഹരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാവാലം സബ് എഞ്ചിനീയർ ഓഫീസിന്, നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു സെക്ഷൻ ഓഫീസിനാവശ്യമായ ഉപഭോക്താക്കളുടെ എണ്ണവും വിസ്തീർണ്ണവും ഇല്ല.

(ഡി) ഉണ്ട്.

(ഇ)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	2 എണ്ണം
അസിസ്റ്റന്റ് എഞ്ചിനീയർ	..	1 ..
സബ് എഞ്ചിനീയർ	..	3 ..
ഇലക്ട്രിസിറ്റി വർക്കർ	..	15 ..

ഒഴിവായിക്കിടക്കുന്ന തസ്തികകളിൽ നിയമനങ്ങൾ നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ഇ. ബി.-യുടെ കളക്ഷൻ സെന്റർ

36 [2025] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിൽ പന്തളം തെക്കേക്കര പഞ്ചായത്തിലെ പറപ്പെട്ടിയിൽ കെ. എസ്. ഇ. ബി.-യുടെ ഒരു കളക്ഷൻ സെന്റർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

എം. എൽ. എ., എം. പി. ഫണ്ട് വിനിയോഗിച്ച് വൈദ്യുതി കണക്ഷൻ

37 [2026] ശ്രീ. കുഞ്ഞാലിക്കുട്ടി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര വൈദ്യുതി കണക്ഷനാണ് എം. എൽ. എ., എം. പി. ഫണ്ട് വിനിയോഗിച്ച് തുക അടച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര കണക്ഷൻ ഇനിയും നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) ഇനി കണക്ഷൻ നൽകാനുള്ളതിൽ എ. എസ്., ടി. എസ്. കിട്ടിയത് എത്ര എണ്ണം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)	എം. എൽ. എ. ഫണ്ട്	71
	എം. പി. ഫണ്ട്	81
(ബി)	എം. എൽ. എ. ഫണ്ട്	14
	എം. പി. ഫണ്ട്	ഇല്ല.
(സി)	എം. എൽ. എ. ഫണ്ട്	57
	എം പി. ഫണ്ട്	81

LIBRARY ARCHIVES Kerala Legislative Assembly